# സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ശ്രീ.എസ്.ഹരികിഷോർ, ഐഎഎസ്)

വിഷയം :- കുടുംബശ്രീ - സിഡിഎസുകളുടെ ഭരണ നിർവ്വഹണ ഗ്രാൻറ് വർദ്ധിപ്പിച്ച് ഉത്തരവാകുന്നു

പരാമർശം :- 1. 26/6/2008-ലെ ഈ ഓഫീസിലെ 1041/2007/കെ.എഎസ്/എ2 നമ്പർ നടപടിക്രമം
2. 21.08.2013, 15.10.2013 എന്നീ തീയതികളിലെ ഈ ഓഫീസിലെ കെ.എസ്/എം/2428/08
നമ്പർ നടപടിക്രമങ്ങൾ
3. 25.06.2020 - ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗ അജണ്ട നം. 8 തീരുമാനം

**ഉത്തരവ് നം .6074/M1/2020/KSHO 28.08.2020**

കുടുംബശ്രീ സിഡിഎസ്സുകളുടെ ദൈനംദിന ഭരണ ചെലവുകളുടെ നിർവ്വഹണത്തിനും, സുഗമവും, സജീവവുമായ പ്രവർത്തനത്തിനും അഡ്മിനിസ്റ്റേറ്റീവ് ഗ്രാൻറായി സാമ്പത്തിക സഹായം അനുവദിച്ചു നൽകി വരുന്നുണ്ട്. പരാമർശം (2) പ്രകാരം 15 വാർഡുവരെയുള്ള പഞ്ചായത്തുകൾക്ക് പ്രതിമാസം 3775/- രൂപയും 16 മുതൽ 19 വരെ വാർഡുകളുള്ള പഞ്ചായത്തുകൾക്ക് പ്രതിമാസം 3925/- രൂപയും വാർഡുകളുടെ എണ്ണം 20 ഉം അതിൽ കൂടുതലുള്ള പഞ്ചായത്തുകൾക്ക് പ്രതിമാസം 4425/- രൂപയും അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു.

പരാമർശം (3) പ്രകാരം സിഡിഎസ് പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ അനുവദിക്കുന്ന അഡ്മിനിസ്റ്റേറ്റീവ് ഗ്രാൻറ്, 15 വരെ വാർഡുകളുള്ള സിഡിഎസ്സിന് 3775/- രൂപയിൽ നിന്നും 4000/- രൂപയായും, 16 മുതൽ 19 വരെ വാർഡുകളുള്ള സിഡിഎസ്സിന് 3925/- രൂപയിൽ നിന്നും 4500/- രൂപയായും 20 ൽ കൂടുതൽ വാർഡുകളുള്ള സിഡിഎസ്സിന് 4425/- രൂപയിൽ നിന്നും 5,000/- രൂപയായും 2020 ജൂലൈ 1 മുതൽ വർദ്ധിപ്പിച്ചു നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2020 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം താഴെപറയുന്ന ക്രമത്തിൽ സിഡിഎസ്സുകൾക്ക് അഡ്മിനിസ്റ്റേറ്റീവ് ഗ്രാൻറ് അനുവദിച്ചു നൽകുന്നതിന് കുടുംബശ്രീ ജില്ലാ മിഷനുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | ഇനം | 15 വരെ വാർഡുകൾ | 15 മുതൽ 19 വരെ വാർഡുകൾ | 20 ഓ അതിൽ കൂടുതലോ വാർഡുകൾ |
|---|---|---|---|---|
| 1. | സ്റ്റേഷനറി | 350 | 350 | 350 |
| 2. | തപാൽ | 75 | 75 | 125 |
| 3. | മീറ്റിംഗ് റിഫ്രെഷ്മെൻറ് | 550 | 675 | 675 |
| 4. | സിഡിഎസ് ചെയർപേഴ്സണിൻറെ യാത്രബത്ത | 550 | 600 | 650 |
| 5. | ഉപസമിതി കൺവീനർക്കുള്ള യാത്രബത്ത | 800 | 800 | 800 |

| | | | | |
|---|---|---|---|---|
| 6. | സിഡിഎസ് ഭരണ സമിതി അംഗങ്ങൾക്കുള്ള യാത്ര ബത്ത | 1200 | 1500 | 1900 |
| 7. | സിഡിഎസ് ചെയർപേഴ്സണിൻറെ ടെലിഫോൺ ചാർജ്ജ് (നെറ്റ് ചാർജ്ജ് ഉൾപ്പെടെ) | 275 | 275 | 275 |
| 8. | മറ്റുള്ളവ | 200 | 225 | 225 |
| ആകെ | | 4000 | 4500 | 5000 |

ഭരണ നിർവ്വഹണ ഗ്രാൻറിൻറെ വിതരണ വിനിയോഗ മാർഗ്ഗരീതി സംബന്ധിച്ചും, സിഡിഎസ്സുകൾ പാലിക്കേണ്ട നിബന്ധനകളെ സംബന്ധിച്ചും പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തന്നെ തുടർന്നും അനുവർത്തിക്കേണ്ടതാണ്.

ജില്ലാ മിഷനിൽ ലഭ്യമായ പ്ലാൻ ഫണ്ടിലെ Org: 1 എന്ന ശീർഷകത്തിൽ വകയിരുത്തി വിനിയോഗിക്കേണ്ടതാണ്.

S.Harikishore IAS
എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ്

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)
3. അക്കൗണ്ട്സ് സെക്ഷൻ, സംസ്ഥാന മിഷൻ, കുടുംബശ്രീ
4. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും, സംസ്ഥാന മിഷൻ, കുടുംബശ്രീ

The document is digitally approved. Hence signature is not needed.